LIBRARY ARCHIVES Kerala Legislative Assembly

ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

159 (4547) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പ് സംസ്ഥാനം/ജില്ലാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനം/ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

ട്രാൻസ് വുമൺ ആയവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി

160 (4548) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ് വുമൺ ആയവരെ മഹിളാമന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ക്രൈസിസിൽ അകപ്പെട്ടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി വകുപ്പ് ആരംഭിച്ചിട്ടുള്ള കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമിൽ ഹ്രസ്വകാല താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എൻ.ജി.ഒ.-കൾ മുഖേന 2 ട്രാൻസ്ജെൻഡർ ഹോമുകളാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റി മുഖേന ട്രാൻസ്മെൻ വിഭാഗത്തിനായും, എറണാകുളം ജില്ലയിൽ സ്നേഹ ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ട്രാൻസ് വുമൺ വിഭാഗത്തിനുമായാണ് ഹോം ആരംഭിച്ചിട്ടുള്ളത്. നിലവിൽ സർക്കാർ മഹിളാ മന്ദിരങ്ങൾ വനിതാ ശിശു വികസന വകുപ്പിന്റ കീഴിലാണ്. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ് വുമൺ ആയവരെ മഹിളാ മന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് വനിത ശിശു വികസന വകുപ്പ്, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവിധ സംഘടനകൾ, ടി വിഷയത്തിൽ പ്രാവീണ്യമുള്ള വിദഗ്ധർ തുടങ്ങിയവരുമായുള്ള വിദഗ്ധ ചർച്ചയ്ക്ക് ശേഷം ടി വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് പരിശോധിക്കാവുന്നതാണ്.